**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1551 15/02/2016 -ൽ മറുപടിയ്ക്ക്

## കർഷക ക്ഷേമ പെൻഷൻ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.മോൻസ് ജോസഫ്** | | **ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) കർഷകരുടെ ക്ഷേമ പെൻഷൻ ഇനത്തിൽ കുടിശ്ശിക എത്രയുണ്ടെന്ന് വ്യക്തമാക്കാമോ; ഇവ കൊടുത്തു-തീർക്കുവാനുള്ള നടപടി സ്വീകരിക്കുമോ; | എ) | നാളിതു വരെ പത്ത് മാസത്തെ (2015 ഏപ്രിൽ മുതൽ) പെൻഷൻ തുകയായ 198 കോടി രൂപ കുടിശ്ശികയായി കൊടുത്തു തീർക്കാനുണ്ട്. അഡീഷണൽ ആതറൈസേഷൻ വഴി കുടിശ്ശിക തുക ലഭിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ബി) ഒരു കർഷകന്റെ പ്രതിമാസ പെൻഷൻ നിരക്ക് എത്രയാണ്; പ്രസ്തുത തുക അതത് മാസം തന്നെ കൊടുത്തു തീർക്കുവാൻ നടപടി സ്വീകരിക്കുമോ; | ബി) | ഒരു കർഷകന്റെ പ്രതിമാസ പെൻഷൻ നിരക്ക് 600 രൂപയാണ്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പെൻഷൻ തുക കൊടുത്തു തീർക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| സി) കർഷക ക്ഷേമ പെൻഷൻ തുക ഉയർത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ; പ്രതിവർഷം എത്ര രൂപയാണ് ഈ ഇനത്തിൽ സർക്കാരിന് ചെലവ് വരുന്നത്? | സി) | പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**